2. മീനാട് പദ്ധതി :

(i) വിതരണശൃംഖലയുടെ ബാക്കിപണികൾ - മാർച്ച് 2016

3. കോഴിക്കോട് പദ്ധതി :

(i) വിതരണശൃംഖലയുടെ ബാക്കിപണികൾ - ജൂൺ 2016

(ii) റിഹാബിലിറ്റേഷൻ പ്രവർത്തനങ്ങൾ - ഒക്ടോബർ 2015

4. പട്ടുവം പദ്ധതി :

(i) വിതരണശൃംഖലയുടെ ബാക്കിപണികൾ - ജൂലൈ 2015

ജൈക്ക പദ്ധതിയുടെ നിലവിലുള്ള കാലാവധി 27-7-2015-ൽ അവസാനിക്കുന്നതിനാൽ, കാലാവധി 31-12-2016 വരെ നീട്ടിക്കിട്ടുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഭാഗികമായി കമ്മീഷൻ ചെയ്ത പദ്ധതികളുടെ ബാക്കി പണികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ടി സർക്കാർ തലത്തിലും വാട്ടർ അതോറിറ്റി തലത്തിലും യോഗങ്ങൾ ചേരുകയും പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് നേരിടുന്ന പ്രശ്നങ്ങൾ ചർച്ചചെയ്യുകയും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുവരുന്നു. ജൈക്ക വായ്പയുടെ സമയപരിധി 31-12-2016 വരെ നീട്ടിക്കിട്ടുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാർ മുഖേന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പണിമുടക്ക്

18 (*228) ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. എളമരം കരീം :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.എൻ.ടി.യു.സി. ഉൾപ്പെടെയുള്ള കേന്ദ്ര ട്രേഡ് യൂണിയനുകൾ സെപ്റ്റംബർ രണ്ടാം തീയതി ആഹ്വാനം ചെയ്തിരിക്കുന്ന പണിമുടക്കിന് ആധാരമായി ഉന്നയിച്ചിരിക്കുന്ന പ്രശ്നങ്ങൾ എന്തൊക്കെയെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിർദ്ദിഷ്ട തൊഴിൽ നിയമ ഭേദഗതികൾ വ്യവസ്ഥകളോടുള്ള സർക്കാരിന്റെ നിലപാട് അറിയിക്കാമോ ; അത് കേന്ദ്രത്തെ രേഖാമൂലം അറിയിക്കാൻ തയ്യാറാകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഭേദഗതി ബില്ലിലെ വ്യവസ്ഥകൾ നിയമമായാൽ സംസ്ഥാനത്തെ തൊഴിൽ മേഖലയിൽ സൃഷ്ടിക്കാനിടയുള്ള പ്രത്യാഘാതം വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശം നൽകാമോ ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) :

(എ) ഇത് സംബന്ധിച്ച നോട്ടീസ് സർക്കാരിൽ ലഭിച്ചിട്ടില്ല

(ബി)തൊഴിൽ നിയമഭേഭഗതിയിലെ പല വ്യവസ്ഥകളും ഗുണകരമല്ലാത്ത വയാണ്. സംസ്ഥാന സർക്കാരിന്റെ നിലപാട് കേന്ദ്രത്തെ യഥാസമയങ്ങളിൽ അറിയിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) വിലയിരുത്തൽ നടന്നുവരുന്നു.

എക്സ്റേ യൂണിറ്റുകളുടെ പ്രവർത്തനം

19 (*229) ശ്രീ. കെ. എം. ഷാജി :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. എം. ഉമ്മർ :
ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിർദ്ദിഷ്ട സുരക്ഷാക്രമീകരണങ്ങളില്ലാത്ത എക്സ്റേ യൂണിറ്റുകൾ പ്രവർത്തിക്കുന്നകാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ ; അതുമൂലമുണ്ടാ കാവുന്ന അപകടങ്ങളെ ഗൗരവപൂർവ്വം കണക്കിലെടുത്തിട്ടുണ്ടോ ;

(ബി) എക്സ്റേ യൂണിറ്റുകൾ പ്രവർത്തിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ ;

(സി) പ്രസ്തുത യൂണിറ്റുകൾ മാനദണ്ഡം കൃത്യമായി പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കാനും സർക്കാർ സ്ഥാപനങ്ങളിലെ യൂണിറ്റുകളുടെ സുരക്ഷ ഉറപ്പാക്കാനും സംവിധാനമുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

LIBRARY ARCHIVES Kerala Legislative Assembly